Malappuram District Police

# 06/11/2017 വളാഞ്ചേരി

മണ്ണ് കടത്താനുപയോഗിച്ച ടിപ്പറുകളും ജെ.സി.ബിയും പിടികൂടി. മാറാക്കര ഗ്രാമപ്പഞ്ചായത്തിലെ തടംപറമ്പിൽ അനധികൃതമായി പ്രവർത്തിക്കുന്ന കാറികളിൽനടന്ന പരിശോധനയില് പത്തോളം ടിപ്പറുകളും ജെ.സി.ബിയും പോലീസ് പിടികൂടി. വളാഞ്ചേരി സി.ഐ. എം.കെ. കൃഷ്ണന്റെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധനക്കെത്തി വാഹനങ്ങൾ പിടിച്ചെടുത്തത്. തടംപറമ്പിൽ രണ്ടും മൂന്നും ഏക്കറുകളിലായി നിരവധി കാറികളാണ് മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്നത്. ഈ കാറികളിൽനിന്ന് നിരവധി ലോഡ് മണ്ണ് ദിവസവും കടത്തുന്നുണ്ട്. ഇതിനായി പ്രത്യേക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സമീപത്തെ പാടശേഖരങ്ങൾക്കും വീടുകൾക്കും ഭീഷണിയായി ജനവാസമേഖലയില് പ്രവർത്തിക്കുന്ന കാറികൾക്കെതിരേ കർശന നടപടിയെടുക്കുന്നതാണ്.